**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 854** **24-02-2022 - ൽ മറുപടിയ്ക്ക്**

**ദേവസ്വം ബോർഡ് ക്ഷേത്രങ്ങളിലെ ഓഡിറ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)** | | **null<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ എത്ര ദേവസ്വം ബോർഡ് ക്ഷേത്രങ്ങളിൽ 2020 മാർച്ച് 31 വരെയുള്ള കാലയളവിലെ ഓഡിറ്റ് നടപടികൾ പൂർത്തീകരിക്കാനുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | തിരുവിതാംകൂർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിൽ 2018 വരെയും ഗുരുവായൂർ ദേവസ്വത്തിൽ 2018-2019 വരെയും കൂടൽമാണിക്യം ദേവസ്വത്തിൽ 2017-18 വരെയുമുള്ള ഓഡിറ്റ് നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. കൊച്ചിൻ ദേവസ്വം ബോർഡിന് കീഴിലുള്ള 63 ദേവസ്വങ്ങളിൽ 50 ദേവസ്വങ്ങളുടേയും തിരുവിതാംകൂർ ദേവസ്വം ബോർഡിലെ ചില ക്ഷേത്രങ്ങളുടെയും 2020 മാർച്ച് 31 കാലയളവില്ലുള്ള ഓഡിറ്റും പൂർത്തീകരിച്ചിട്ടുണ്ട്. തിരുവിതാംകൂർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിൽ 2018 ന് ശേഷമുള്ള ഓഡിറ്റ് നടപടികളും ഗുരുവായൂർ ദേവസ്വത്തിന്റെ 2019-2020, 2020-2021 വർഷങ്ങളിലെ ഓഡിറ്റ് നടപടികളും പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിൽ നിന്നുള്ള വാർഷിക കണക്കുകൾ സംസ്ഥാന ഓഡിറ്റ് വകുപ്പ് നേരിട്ട് ശേഖരിച്ചാണ് ഓഡിറ്റ് നടപടികൾ പൂർത്തീകരിക്കുന്നത്. |
| (ബി) | ദേവസ്വം ബോർഡ് ക്ഷേത്രങ്ങളിൽ ഓഡിറ്റ് വൈകുന്നതിന്റെ പേരിൽ ജീവനക്കാരുടെ ശമ്പളം തടഞ്ഞു വയ്ക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടോ; | (ബി) | ഇല്ല |
| (സി) | ദേവസ്വം ബോർഡ് സ്ഥാപനങ്ങളിലെ ഓഡിറ്റ് യഥാസമയം പൂർത്തീകരിക്കുന്നതിനുള്ള ചുമതല ആർക്കാണെന്ന് വ്യക്തമാക്കുമോ; ഓഡിറ്റ് വൈകുന്നതിന്റെ പേരിൽ ജീവനക്കാരുടെ ശമ്പളം തടഞ്ഞു വയ്ക്കുന്ന നടപടി അവസാനിപ്പിക്കുന്നതിനും യഥാസമയം ദേവസ്വം ബോർഡ് ക്ഷേത്രങ്ങളിൽ ഓഡിറ്റ് നടക്കുന്നു എന്ന് ഉറപ്പാക്കുന്നതിനും നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ? | (സി) | തിരുവിതാംകൂർ ദേവസ്വം ബോർഡിൽ ഫൈനാൻസ് കമ്മീഷണർക്കാണ് ഓഡിറ്റ് പൂർത്തീകരിക്കുന്നതിനുള്ള ചുമതലയുള്ളത്. ഫൈനാൻസ് കമ്മീഷണർ നൽകുന്ന ഓഡിറ്റ് പ്രോഗ്രാമനുസരിച്ച് ഓഡിറ്റ് ഓഫീസർമാരുടെ നേതൃത്വത്തിലുള്ള ടീം ഓഡിറ്റ് നടത്തി വരുന്നു. ഓഡിറ്റ് പെന്റിംഗ് തീർക്കാനുള്ള നടപടികളും യഥാസമയം ക്ഷേത്രങ്ങളിൽ ഓഡിറ്റ് നടക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ ഫൈനാൻസ് |

| | | | |
|---|---|---|---|
| | | | കമ്മീഷണറുടെ നേതൃത്വത്തിൽ ഇൻസ്പെക്ഷനും നടത്തി വരുന്നുണ്ട്. മലബാർ ദേവസ്വം ബോർഡിൽ ഓഡിറ്റ് യഥാസമയം പൂർത്തീകരിക്കുന്നതിനുള്ള ചുമതല സംസ്ഥാന ഓഡിറ്റ് വകുപ്പിനാണുള്ളത്. ക്ഷേത്രങ്ങളുടെ വാർഷിക കണക്കുകൾ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യഥാസമയം സമർപ്പിക്കേണ്ടത് അതാത് ക്ഷേത്ര ഭരണാധികാരികളായതിനാൽ ക്ഷേത്രം കണക്കുകൾ ഓഡിറ്റ് മുമ്പാകെ സമർപ്പിക്കുന്നതിന് എല്ലാ ക്ഷേത്ര ഭരണാധികാരികൾക്കും മലബാർ ദേവസ്വം ബോർഡ് നിർദ്ദേശങ്ങൾ നൽകി വരുന്നുണ്ട്. കൊച്ചിൻ ദേവസ്വം ബോർഡിൽ ഓഡിറ്റ് യഥാസമയം പൂർത്തീകരിക്കുന്നതിനുള്ള ചുമതല അസിസ്റ്റന്റ് കമ്മീഷണർ ഓഡിറ്റിനാണ്. കൂടൽമാണിക്യം ദേവസ്വത്തിന്റെ കണക്കുകൾ ലോക്കൽ ഫണ്ട് ഓഡിറ്റ് പരിശോധിക്കാറുണ്ട്. ഇന്റേണൽ ഓഡിറ്റ് മുഖേനയും പരിശോധനയ്ക്ക് വിധേയമാക്കാറുണ്ട്. ഗുരുവായൂർ ദേവസ്വത്തിൽ, ഓഡിറ്റ് നടത്തുന്നതിന് ഗുരുവായൂർ ദേവസ്വത്തിനും കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പിനും സംയുക്ത ചുമതലയാണുള്ളത്. |

സെക്ഷൻ ഓഫീസർ